**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1818** **08-10-2021 - ൽ മറുപടിയ്ക്ക്**

**കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം നവീകരണപ്രവർത്തന പുരോഗതി വിശദമാക്കാമോ; പ്രസ്തുത സ്റ്റേഡിയത്തിന്റെ വികസനത്തിന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (എ) | കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ നിർമ്മാണം DBOT (Design, Build, Operate & Transfer) വ്യവസ്ഥയിലാണ് നടത്തിയിട്ടുള്ളത്. കേരള സർവ്വകലാശാലയും കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡുമായുള്ള കൺസഷൻ എഗ്രിമെന്റ് പ്രകാരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡാണ്. സ്റ്റേഡിയം പരിപാലനത്തിനായി അനുവദിച്ചിട്ടുള്ള അന്യൂറ്റി തുക ഉപയോഗിച്ച് താഴെപ്പറയുന്ന നവീകരണ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. 1) നിലവിലുള്ള എക്സ്പാൻഷൻ ജോയിന്റിലെ ലീക്കുകൾ പരിഹരിക്കുന്ന പ്രവൃത്തികൾ 2) നീന്തൽക്കുളത്തിലേക്കുള്ള വഴി വൃത്തിയാക്കൽ 3) കാട് വെട്ടിത്തെളിക്കുന്ന പ്രവൃത്തികൾ 4) ബെയ്സമെന്റിലേയും ഇലക്ട്രിക്ക് റൂമിലേയും പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് പ്രവൃത്തികൾ 5) ക്രാക്ക് മെയിന്റനൻസും വാട്ടർ പ്രൂഫിംഗ് പ്രവൃത്തികളും 6) ഹൈമാസ്റ്റ് ലൈറ്റ്, റൂഫ് ട്രസ്സ് എന്നിവയുടെ പെയിന്റിംഗ് പ്രവൃത്തികൾ 7) കേടായ ഫർണിച്ചറുകളും തടി ഡോറുകളും മാറ്റി വയ്ക്കുന്ന പ്രവൃത്തികൾ 8) ഗ്രൗണ്ട് ഫ്ളോർ ഷട്ടറിന്റെ അറ്റകുറ്റപ്പണികൾ 9) അനുബന്ധ മെക്കാനിക്കൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾ കേരള ക്രിക്കറ്റ് അസോസിയേഷനും കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡുമായുള്ള റവന്യൂ ഹയർ എഗ്രിമെന്റ് പ്രകാരം സ്റ്റേഡിയത്തിന്റെ ഫീൽഡ് ഓഫ് പ്ലേ നവീകരണം കേരള ക്രിക്കറ്റ് അസോസിയേഷന്റെ ചുമതലയാണ്. ഇത് പ്രകാരം സ്റ്റേഡിയത്തിലെ പുല്ല് മാറ്റുന്ന പ്രവൃത്തികൾ, കള പറിക്കുന്ന പ്രവൃത്തികൾ, സ്പ്രിംഗ്ലർ മാറ്റി വയ്ക്കുന്ന പ്രവൃത്തികൾ എന്നിവയും ഒമ്പത് പ്രാക്ടീസ് പിച്ചുകളുടെ നിർമ്മാണവും പുരോഗമിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | ഗ്രാമീണമേഖലയിൽ കായിക വികസനത്തിന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (ബി) | ഗ്രാമീണ മേഖലയിൽ കായിക വികസനത്തിനായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും, 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാം ഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. കായിക വകുപ്പിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ചും പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നവീകരണം, പുനരുദ്ധാരണം എന്നിവ നടപ്പിലാക്കി വരുന്നു. കായികയുവജനകാര്യാലയത്തിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന പ്ലാൻ ഫണ്ട് ഉപയോഗിച്ച് കേരളത്തിലുടനീളം പുതിയ സ്റ്റേഡിയങ്ങളും വിവിധ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതും നിർമ്മാണം നടന്നു വരുന്നതുമായി സ്റ്റേഡിയങ്ങൾ കൂടാതെ 35-ാം ദേശീയ ഗെയിംസിനോട് അനുബന്ധിച്ച് നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ നവീകരണവും പരിപാലനവും നടന്നു വരികയാണ്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിൽ, പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതുമാണ്. കായിക നിർമ്മിതികളുടെ കൃത്യമായ പരിപാലനത്തിനും, നടത്തിപ്പിനും പുതിയവയുടെ നിർമ്മാണത്തിനുമായി കായിക വകുപ്പിന് കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പബ്ലിക് |

| | | | |
|---|---|---|---|
| | | | സെക്ടർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള കായിക നിർമ്മിതികളെ പ്രസ്തുത കമ്പനിയുടെ കീഴിൽ കൊണ്ട് വന്ന് സംസ്ഥാനത്തുടനീളമുള്ള കായിക സമുച്ചയങ്ങളുടെ ഏകീകൃതവും വ്യവസ്ഥാപിതവുമായ നടത്തിപ്പും പരിപാലനവുമാണ് ലക്ഷ്യമിടുന്നത്. |
| (സി) | പൊതുകളിസ്ഥലം ഇല്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിച്ചുനൽകുന്ന പദ്ധതി പരിഗണനയിലുണ്ടോ എന്ന് വിശദമാക്കാമോ? | (സി) | ഗ്രാമീണ മേഖലയിൽ കായിക വികസനത്തിനായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും, 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാം ഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. കായിക വകുപ്പിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ചും പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നവീകരണം, പുനരുദ്ധാരണം എന്നിവ നടപ്പിലാക്കി വരുന്നു. കായികയുവജനകാര്യാലയത്തിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന പ്ലാൻ ഫണ്ട് ഉപയോഗിച്ച് കേരളത്തിലുടനീളം പുതിയ സ്റ്റേഡിയങ്ങളും വിവിധ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതും നിർമ്മാണം നടന്നു വരുന്നതുമായി സ്റ്റേഡിയങ്ങൾ കൂടാതെ 35-ാം ദേശീയ ഗെയിംസിനോട് അനുബന്ധിച്ച് നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ നവീകരണവും പരിപാലനവും നടന്നു വരികയാണ്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതും സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിൽ, പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നതുമാണ്. കായിക നിർമ്മിതികളുടെ കൃത്യമായ പരിപാലനത്തിനും, നടത്തിപ്പിനും പുതിയവയുടെ നിർമ്മാണത്തിനുമായി കായിക വകുപ്പിന് കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പബ്ലിക് സെക്ടർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള കായിക നിർമ്മിതികളെ പ്രസ്തുത കമ്പനിയുടെ കീഴിൽ കൊണ്ട് വന്ന് സംസ്ഥാനത്തുടനീളമുള്ള കായിക സമുച്ചയങ്ങളുടെ ഏകീകൃതവും വ്യവസ്ഥാപിതവുമായ നടത്തിപ്പും പരിപാലനവുമാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ